2. അടിയന്തിര വൈദ്യസഹായം ഉൾപ്പെടെയുള്ള മൃഗചികിത്സാ സൗകര്യങ്ങൾ

3. സംഘം തലത്തിലുള്ള പ്രാഥമിക മൃഗചികിത്സാ സൗകര്യങ്ങൾ

4. കാലികൾക്ക് വന്ധ്യതാ പരിശോധനാ സൗകര്യങ്ങളും അതി നാവശ്യമായ വൈദ്യസഹായങ്ങളും.

5. കറവമാടുകൾക്ക് ആവശ്യമായി വരുന്ന ഇൻഷ്വറൻസ് മാസ്റ്റർപ്ലാൻ അനുസരിച്ച് നടത്തിക്കൊടുക്കുന്നതിനുള്ള സൗകര്യങ്ങൾ.

6. സഹകരണ വികസനത്തിനാവശ്യമായ സാങ്കേതിക പരി ജ്ഞാനം ചർച്ചാ ക്ലാസ്സുകളിലൂടെയും സെമിനാറുകളിലൂടെയും നൽകുന്നു.

7. ആനന്ദ് മാതൃകാ സഹകരണ സംഘങ്ങളിൽ കിട്ടുന്ന ലാഭ ത്തിന്റെ വിഹിതം നിയമാവലിക്ക് അനുസൃതമായി അംഗങ്ങൾ നൽകിയ പാലിന്റെ അടിസ്ഥാനത്തിൽ വാർഷിക ബോണസ് നൽകുക.

8. ക്ഷീര സംഘങ്ങൾ സംഭരിക്കുന്ന പാലിന് ഒരു സ്ഥിരമായ വിപ ണിയും ഗുണനിലവാരം അനുസരിച്ചുള്ള വിലയും മിൽമ നൽകുന്നുണ്ട്.

കൂടാതെ പുൽകൃഷി, മാതൃകാ കന്നുകാലിത്തൊഴുത്ത് എന്നിവയ്ക്ക് ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം ക്ഷീരവികസന വകുപ്പ് വഴിയും നൽകിവരുന്നുണ്ട്.

(സി) 611 എണ്ണം ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു.

(ഡി) പോരായ്മകൾ പരിഹരിക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടു ത്തുന്നതിനുമുള്ള പരിശ്രമം നടത്തിവരുന്നു.

സമഗ്രടൂറിസം വികസനത്തിന് കേന്ദ്രപദ്ധതികൾ

130 (3059) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ടൂറിസം-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറിയ പട്ടണങ്ങളുടെ സമഗ്ര ടൂറിസം വിക സനത്തിനായി കേന്ദ്ര സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരി ക്കയുണ്ടായോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയനുസരിച്ച് സംസ്ഥാനത്തിന് എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം പട്ടണങ്ങളെയാണ് ഈ സ്കീമിൽ ഉൾപ്പെടുത്തിയി രിക്കുന്നത്;

(ഡി) ഇവിടങ്ങളിൽ ഏതെല്ലാം രീതിയിലുള്ള ടൂറിസം വികസനമാണ് ഇതുവഴി ലക്ഷ്യമിട്ടിരിക്കുന്നത്?

ഉത്തരം

(എ) ആവിഷ്ക്കരിച്ചിട്ടുള്ളതായി അറിവില്ല.

(ബി)-(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly